ADFW/535/2020-TP2

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി: 07/05/2020

# മാർഗ്ഗ നിർദ്ദേശങ്ങൾ

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് – **സുഭിക്ഷ കേരളം** - കാർഷിക മേഖലയിൽ 3000 കോടിയുടെ പദ്ധതി – കൃഷി ഓഫീസർമാർ അടിയന്തിരമായി ചേയ്യേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന: ഉത്ഭവം

ഭക്ഷ്യോല്പാദന വർദ്ധനയ്ക്കും കാർഷിക മേഖലയിൽ കുതിച്ചു ചാട്ടത്തിനും വരുന്ന ഒരു വർഷത്തിനകം 3000 കോടി രൂപ കാർഷിക മേഖലയിൽ ചിലവഴിക്കണമെന്ന് ബഹു. കേരള മുഖ്യമന്ത്രി ആഹ്വാനം ചെയ്തിരിക്കുന്നു. ഇതിൽ 1500 കോടി രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടേയും പദ്ധതി വിഹിതത്തിൽ നിന്നും ബാക്കി 1500 കോടി നബാർഡിൽ നിന്നും സഹകരണ മേഖലയിൽ നിന്നും വായ്പയായും ലഭിക്കും. ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ പ്രതിപാദിക്കുന്നത് ഓരോ പഞ്ചായത്തിലും നടപ്പിലാക്കേണ്ട ഏറ്റവും ചുരുങ്ങിയ താൽക്കാലിക-ഭൗതിക ലക്ഷ്യങ്ങൾ മാത്രമാണ്. പഞ്ചായത്തു തലത്തിൽ കൃഷി ഓഫീസർമാക്ക് ഉചിതമായ മാറ്റങ്ങൾ വരുത്താവുന്നതാണ്. ഈ സാഹചര്യത്തിൽ എല്ലാ കൃഷി ഓഫീസർമാരും അടിയന്തിരമായി താഴെ പറയുന്ന നടപടികൾ കൈക്കൊള്ളേണ്ടതാണ്.

(1) കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ കൃഷി വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാനപങ്ങളുടെ ഏകോപനത്തിലൂടെ ക്യാമ്പയിൻ മോഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയ്ക്കാവശ്യമായി വരുന്ന താഴെ പറയുന്ന ഘടകങ്ങൾക്ക് പുറമെ **കൃഷി പാഠശാല, ഞാറ്റുവേല ചന്ത** എന്നിവയ്ക്ക് ഓരോ പഞ്ചായത്തിലേക്കും ആവശ്യമായി വരുന്ന തുക പദ്ധതി വിഹിതമായി കരുതേണ്ടതാണ്.

## (2) തരിശു കൃഷി പ്രോത്സാഹനം

സംസ്ഥാനത്ത് ഓരോ കൃഷി ഭവന്റെയും പരിധിയിൽ സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ, മുതലായവരുടെ കൈവശമുള്ള തരിശു കിടക്കുന്ന പാടങ്ങളുടേയും പറമ്പുകളുടേയും വിവരങ്ങൾ ബഹുജന പങ്കാളിത്തത്തോടെ അടിയന്തിരമായി കണ്ടെത്തി, അവയിൽ ഉടൻ കൃഷി യോഗ്യമായത് എത്രയെന്ന് തിട്ടപ്പെടുത്തുക. തുടർന്ന് പ്രസ്തുത തരിശ് ഭൂമിയിൽ കൃഷി ചെയ്യുവാൻ താല്പര്യമുള്ളവരെ കണ്ടെത്തുക. കഴിവതും ഭൂഉടമയെ കൊണ്ട് കൃഷി ചെയ്യിപ്പിക്കുക. ഉടമസ്ഥൻ കൃഷി ചെയ്യാൻ തയ്യാറാകുന്നില്ലെങ്കിൽ ഭൂമി കൃഷിക്കായി മറ്റ് വ്യക്തികൾക്ക്/കുടുംബശ്രീ ഉൾപ്പെടെയുള്ള ഗ്രൂപ്പുകൾക്ക്/തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക്/സഹകരണ സ്ഥാപനങ്ങൾക്ക്/യുവജനങ്ങൾക്ക്/വിവിധ കാരണങ്ങളാൽ മടങ്ങിവന്ന പ്രവാസികൾക്ക് വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

നെല്ല്, ചെറുധാന്യങ്ങൾ, പയറിനങ്ങൾ, കിഴങ്ങ് വർഗ്ഗ വിളകൾ, വാഴ, പപ്പായ എന്നിവക്ക് മുൻഗണന നൽകി ഓരോ പ്രദേശത്തിന്റെ കാർഷിക കാലവസ്ഥയ്ക്ക് ഇണങ്ങുന്നതും വിപണിയിൽ ആവശ്യമുള്ളതുമായ വിളകൾ കൃഷി ചെയ്യുന്നതിന് ത്രിതല പഞ്ചായത്തുകളുമായി ആലോചിച്ച് ജനകീയാസൂത്രണ പദ്ധതികൾ പുനക്രമീകരിച്ച് മേയ് മാസം 15 തീയതിക്ക് മുൻപ് ഡി.പി.സി.ക്ക് നൽകി അനുമതി വാങ്ങേണ്ടതാണ്. തരിശു നില കൃഷി ചെയ്യുമ്പോൾ ഓർഗാനിക് പി.ജി.എസ്. സർട്ടിഫിക്കേഷൻ ലഭിക്കുവാൻ ശ്രമിക്കാവുന്നതാണ്.

**ജില്ലകൾക്കുള്ള താത്കാലിക ഭൗതിക ലക്ഷ്യങ്ങൾ**

| ജില്ല | വിസ്തീർണ്ണം (ഹെക്ടറിൽ) | | | | | | |
|---|---|---|---|---|---|---|---|
| | നെല്ല് **@ 40000** രൂപ/ഹെക്ടർ | വാഴ **@ 40000** രൂപ/ഹെക്ടർ | പച്ചക്കറി **@ 40000** രൂപ/ഹെക്ടർ | കിഴങ്ങു വർഗ്ഗങ്ങൾ **@ 30000** രൂപ/ഹെക്ടർ | പയർ വർഗ്ഗങ്ങൾ **@ 30000** രൂപ/ഹെക്ടർ | ചെറുധ്യാന്യം **@ 30000** രൂപ/ഹെക്ടർ | ആകെ വിസ്തീർണ്ണം |
| തിരുവനന്തപുരം | 75 | 300 | 250 | 250 | 20 | 15 | **910** |
| കൊല്ലം | 200 | 450 | 275 | 250 | 20 | 15 | **1210** |
| പത്തനംതിട്ട | 200 | 275 | 200 | 175 | 20 | 15 | **885** |
| ആലപ്പുഴ | 550 | 450 | 450 | 400 | 20 | 15 | **1855** |
| കോട്ടയം | 350 | 200 | 200 | 175 | 10 | 15 | **950** |

| | | | | | | | |
|---|---|---|---|---|---|---|---|
| ഇടുക്കി | 50 | 250 | 325 | 150 | 20 | 30 | **825** |
| എറണാകുളം | 175 | 275 | 225 | 200 | 10 | 15 | **900** |
| തൃശ്ശൂർ | 250 | 250 | 250 | 150 | 20 | 10 | **930** |
| പാലക്കാട് | 150 | 225 | 250 | 100 | 10 | 50 | **785** |
| മലപ്പുറം | 150 | 250 | 300 | 150 | 20 | 10 | **880** |
| കോഴിക്കോട് | 125 | 250 | 200 | 150 | 20 | 15 | **760** |
| വയനാട് | 50 | 100 | 150 | 150 | 20 | 15 | **485** |
| കണ്ണൂർ | 100 | 100 | 225 | 100 | 20 | 15 | **560** |
| കാസർഗോഡ് | 75 | 125 | 200 | 100 | 20 | 15 | **535** |
| ആകെ | **2500** | **3500** | **3500** | **2500** | **250** | **250** | **12500** |

### (3) ഇടവിള കൃഷി പ്രോത്സാഹനം

തരിശു കൃഷി വ്യാപിപ്പിക്കുന്നതോടൊപ്പം തെങ്ങ്, കമുക് മുതലായ മുഖ്യ വിളകൾക്ക് ഇടവിളയായി, പുതതായി പച്ചക്കറി, വാഴ, കിഴങ്ങുവർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ മുതലായവ കൃഷി ചെയ്യുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. 1 ലക്ഷം ഹെക്ടർ ഇടവിള കൃഷി ചെയ്യുന്നതിന് ലക്ഷ്യമിടുന്നു. ഓരോ പഞ്ചായത്തിലും **കുറഞ്ഞത് 200 ഹെക്ടർ** ഇടവിള കൃഷി നടപ്പിലാക്കേണ്ടതാണ്.

### (4) ഒരു കോടി ഫലവർഗ്ഗ വിളകളുടെ നടീൽ വസ്തുക്കളുടെ വിതരണം

കൃഷി ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവകലാശാല, എം.എൻ.ആർ.ഇ.ജി., അഗ്രോ സർവ്വീസ് സെന്റർ/ കാർഷിക കർമ്മസേന മുതലായവ വഴി ഉല്പാദിപ്പിക്കുന്ന ഒരു കോടി ഫലവർഗ്ഗ വിളകളുടെ തൈകൾ സൗജന്യമായി കർഷകർക്ക് ലഭ്യമാകുന്ന തരത്തിൽ തൃതല പഞ്ചായത്തുമായി ചർച്ച ചെയ്ത് ജനകീയാസൂത്രണ പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനകം തയ്യാറാക്കേണ്ടതാണ്. ഒരു പഞ്ചായത്തിൽ **10000 ഫലവർഗ്ഗ** വിളകളെങ്കിലും ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കേണ്ടതാണ്.

## (5) വീട്ടുവളപ്പിലെ കൃഷി

വീട്ടുവളപ്പിലെ കൃഷിയിലൂടെ സുസ്ഥിര വിളവും, പരിസ്ഥിതിക്കനുയോജ്യവും, സാമ്പത്തിക ലാഭവും സാമൂഹിക സ്വീകാര്യതയും ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ഇതിൽ വീട്ടുവളപ്പിലെ പച്ചക്കറി, കിഴങ്ങുവർഗ്ഗ കൃഷി വ്യാപനത്തോടൊപ്പം സംയോജിത കൃഷി സമ്പ്രദായ മോഡലുകളും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

### 1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

ഓരോ കുടുംബത്തിനും ആവശ്യമായ പച്ചക്കറി സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനായി 75 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകളും 5 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്യുന്നതിനും കൂടാതെ ടെറസിലും വീട്ടുവളപ്പിലും കൃഷി ചെയ്യുന്നതിനായി ഓരോ പഞ്ചായത്തിലും 1500, മുനിസിപ്പാലിറ്റികളിൽ 500 കോർപ്പറേഷനുകളിൽ 5000 വീതവും ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്യുന്നതാണ്. ഓരോ ജില്ലയിലും ചുരുങ്ങിയത് **2 ലക്ഷം പച്ചക്കറി വിത്തു പായ്ക്കറ്റുകൾ** ത്രിതല പഞ്ചായത്തുകൾ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2. വീട്ടുവളപ്പിലെ കിഴങ്ങുവർഗ്ഗ കൃഷി

വീട്ടുവളപ്പിലെ കിഴങ്ങുവർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഓരോ കൃഷിഭവൻ അടിസ്ഥാനത്തിലും **1500 നടീൽ വസ്തുക്കളുടെ** കിറ്റുകൾ വിതരണം ചെയ്യേണ്ടതാണ്. 2 സെന്റിന് ആവശ്യമായ മരച്ചീനി കമ്പ്, മധുരകിഴങ്ങ് വള്ളികൾ അടങ്ങിയ **200 രൂപയുടെ** കിറ്റുകളാണ് വിതരണം ചെയ്യേണ്ടത്.

### 3. സംയോജിത കൃഷി രീതി പ്രോജക്ട്

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ്, ജൈവഗൃഹം-സംയോജിത കൃഷി രീതി പ്രോജക്ട് നടത്തിപ്പിനുള്ള **റ്റി.വി. (3) 5208/2020/ആത്മ തീയതി 17/03/2020-ലെ** സർക്കുലർ പ്രകാരം നടപ്പിലാക്കേണ്ടതാണ്. കന്നുകാലി വളർത്തൽ, മീൻ വളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവ നടപ്പിലാക്കുന്നതിന് ആവശ്യമായി വരുന്ന തുക സഹകരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കേണ്ട നബാർഡിന്റെ പ്രത്യേക പാക്കേജിൽ ഉൾപ്പെടുത്തി കുറഞ്ഞ പലിശയ്ക്കുള്ള വായ്പ ലഭ്യമാക്കി വിപുലപ്പെടുത്തേണ്ടതാണ്.

### (6) കാർഷികോല്പന്നങ്ങളുടെ പ്രദേശിക സംഭരണവും വിതരണവും

കാർഷികോല്പന്നങ്ങൾ പ്രാദേശീക തലത്തിൽ സംഭരിക്കുന്നതിനായി ഇപ്പോഴുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ സഹകണ സ്ഥാപനങ്ങൾക്കു റിവോൾവിംഗ് ഫണ്ട് നൽകികൊണ്ട് പുതിയ ഗ്രാമചന്തകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്. മാർക്കറ്റിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിന് വിവിധ മാർക്കറ്റുകളുടെ അപ്പെക്സ് ബോഡി രൂപീകരിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഓൺലൈൻ വിപണന സംവിധാനത്തിനും ശീതികരിച്ച വാഹനങ്ങൾ വാങ്ങുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ പഞ്ചായത്തിലും ഒരു വിപണിയെങ്കിലും സ്ഥാപിക്കേണ്ടതും ഇപ്പോൾ നിലവിലുള്ള വിപണന ശൃംഖലയിലുള്ള ഇക്കോഷോപ്പുകൾ, ആഴ് ചന്തകൾ തുടങ്ങിയവ വിപുലീകരിക്കേണ്ടതാണ്. കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരം പ്രോത്സാഹിപ്പിക്കുന്നതിന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഓരോ പാക്ക്-ഹൗസ് സ്ഥാപിക്കുന്നതിന് എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രയോജനപ്പെടുത്താവുന്നതാണ്.

### (7) ജല സേചന സൗകര്യം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

സാമൂഹ്യ ജലസേചനം ഉൾപ്പെടെയുള്ള ജലസേചന സൗകര്യവർദ്ധനവിനും, മൂല്യവർദ്ധനവിനും, സംസ്കരണത്തിനും സംഭരണത്തിനുമായി ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ. ഫണ്ടുകൾ ഉപയോഗിച്ച് എല്ലാ നിയോജക മണ്ഡല അടിസ്ഥാനത്തിലും ഓരോ പാക്ക്ഹൗസ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകുന്നതിനുള്ള നടപടി കൈകൊള്ളേണ്ടതാണ്.

### (8) വിവിധ വകുപ്പുകളുടെ ഏകോപനം

മൃഗസംരക്ഷണം, ഡയറി, ഫിഷറീസ്, ജലസേചനം മുതലായ വകുപ്പുകളുമായി ചേർന്ന് സംയോജിത കൃഷി രീതികൾ അവലംബിക്കുന്നത തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ഹരിതഗൃഹം എന്ന പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിവിധ

പരിപാടികളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ സാമ്പത്തിക സഹായം ലഭ്യമാക്കി, കൂടുതൽ ഗുണഭോക്താക്കൾക്കു പദ്ധതി പ്രയോജനപ്പെടുത്തുക.

## (9) ജനപങ്കാളിത്തം ഉറപ്പാക്കൽ

കൃഷി ഭവനു കീഴിൽ ലഭ്യമായ തരിശ് ഭൂമി കണ്ടെത്തൽ, കൃഷി പ്രേരിപ്പിക്കൽ, കൃഷിക്കായി ഭൂമി വിട്ടുകൊടുക്കൽ, എന്നീ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തു തലത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ എല്ലാ വാർഡ് മെമ്പർമാർ, കുടുംബശ്രീ ചെയർപേഴസൺ, യുവജന പ്രതിനിധി, മതപുരോഹിതന്മാർ, കർഷക പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ, പ്രവാസികളുടെ പ്രതിനിധികൾ മുതലായവർ അംഗങ്ങളായും കൃഷി ഓഫീസർ കൺവീനറുമായുള്ള ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഈ കമ്മിറ്റിയുടെ സഹായത്തിൽ പഞ്ചായത്തിൽ പദ്ധതിയുടെ പ്രചാരണ/ബോധവല്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതിന് മേൽ പറഞ്ഞ കമ്മിറ്റിയിൽ ഹരിതകേരള മിഷന്റെ റിസോഴ്സ് പേഴ്സണുകളെയും കൂടി ഉൾപ്പെടുത്തേണ്ടതാണ്.

## (10) ഫാം പ്ലാൻ തയ്യാറാക്കൽ

തരിശ് ഭൂമിയിലും ഇടവിളയായും ചെയ്യുന്ന കൃഷിയെ സംബന്ധിച്ച് നീർത്തടാധിഷ്ഠിവും കാർഷിക പാരിസ്ഥിതിക മേഖലാധിഷ്ഠിതവ്യ (AEZ) മായ ഫാം പ്ലാൻ ഓരോ കൃഷി ഭവനും തയ്യാറാക്കേണ്ടതാണ്. പരമാവധി സ്ഥലത്ത് കുറഞ്ഞ ഉല്പാദനോപാധികൾ ഉപയോഗിച്ചുള്ള സുസ്ഥിര കൃഷി (Low External Input and Sustainable Agriculture – LEISA) നടപ്പിലാക്കുന്നതിനുള്ള ഫാം പ്ലാൻ തയ്യാറാക്കേണ്ടതാണ്.

## (11) കിസാൻ ക്രെഡിറ്റ് കാർഡ്

പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് കൃഷിക്ക് വേണ്ട അധിക ധനസഹായം

സഹകരണ സ്ഥാപനങ്ങൾ / മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ആയി ലഭ്യമാക്കാവുന്നതാണ്.

**(12) അഗ്രോസർവീസ് സെന്റർ/കാർഷിക കർമ്മ സേന ശക്തിപ്പെടുത്തൽ**

കൃഷി വകുപ്പിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള എല്ലാ അഗ്രോ സർവീസ് സെന്റർ/കാർഷിക കർമ്മ സേനകൾ ശക്തിപ്പെടുത്തുന്നതിന് പ്രസ്തുത സെന്ററുകൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും പ്രവർത്തന മൂലധനമായി റിവോൾവിങ് ഫണ്ട് നൽകുന്നതിനും ത്രിതല പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് പ്രോജക്ട് തയ്യാറാക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും പ്രോജക്ട് ഡയറക്ടർമാരും (ആത്മ) അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും എല്ലാ കൃഷി ഓഫീസർമാർക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. അതോടൊപ്പം കൃഷി ഡെപ്യൂട്ടി ഡയറക്ടർ (WM), കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Youth) കൃഷി ഡെപ്യൂട്ടി ഡയറക്ടർ (Credit) എന്നിവർ ത്രിതല പഞ്ചായത്തുകളിലും കോർപ്പറേഷൻ/മുൻസിപ്പാലിറ്റികളിലും മേൽ പറഞ്ഞ പ്രകാരം ജനകീയസൂത്രണ പദ്ധതികൾ ആസൂത്രണം ചെയ്ത് ഡി.പി.സി. അംഗീകാരം വാങ്ങുന്നതിന് കൃഷി ഓഫീസർമാർക്കും,കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും വ്യക്തമായ നിർദ്ദേശങ്ങൾ നൽകേണ്ടതും കൃത്യമായി പരിശോധിക്കേണ്ടതുമാണ്. ആവശ്യ സന്ദർഭങ്ങളിൽ വിവിധ പദ്ധതികളിലെ കരാർ ജീവനക്കാരുടെ സേവനം പദ്ധതി ആസൂത്രണ നിർവ്വഹണത്തിനും റിപ്പോർട്ട് ക്രോഡീകരണത്തിനും പ്രയോജനപ്പെടുത്താവുന്നതാണ്.

**(13) ഏറ്റവും കുറഞ്ഞത് 25 % ഗുണഭോക്താക്കളെങ്കിലും യുവജനങ്ങളായിരിക്കണം.**

ഒപ്പ്/-
**കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്)**

7/5/20
Deputy Director of Agriculture (Plg)
Directorate of Agriculture
Thiruvananthapuram